**Scene 1**
**EXT. ഗ്രാമത്തിലെ റോഡ് - DAY**

ഒരു ബൈക്കിൽ യാത്ര ചെയ്യുന്ന സഹീറും സുധീഷും. സഹീറാണ് വണ്ടി ഓടിക്കുന്നത്. സുധീഷിനെയും കൂട്ടി സുധീഷിന് പെണ്ണ് കാണാനുള്ള പോക്കാണ്.

ഇടക്കിടെ ചെറിയ ഇടിമുഴക്കം കേൾക്കുന്നുണ്ട്. പോകുന്ന വഴിയിൽ ഒരു ബസ് സ്റ്റോപ്പിൽ ഒരു സുന്ദരിയായ പെൺകുട്ടി നിൽക്കുന്നു. സഹീറിന്റെ കണ്ണ് പെട്ടെന്ന് പെൺകുട്ടിയിൽ ഉടക്കുന്നു.

സഹീർ ഒന്ന് മെല്ലെ ചിരിച്ചു കാണിക്കുന്നു. പെൺകുട്ടി തിരിച്ചും ചിരിച്ചു. ഒരു ചാൻസ് കിട്ടിയ ഭാവത്തിൽ സഹീർ വണ്ടി ഓടിക്കൽ തുടരുന്നു.

പെട്ടെന്നു ഒരു IDEA കിട്ടിയ പോലെ സുധീഷിനോട്..

SAHEER
എടാ.. ഒരു കാര്യം ഉണ്ട്.

SUDHEESH
(അല്പം ടെൻഷനോടെ)
എന്താടാ ?

SAHEER
നിന്നവടെ എറക്കീട്ട് എനിക്കൊന്നു ബേക്കറി വരെ തിരിച്ചുപോണം.

SUDHEESH
(നല്ല ടെൻഷനിൽ)
ഏയ്.. എടാ സഹീറെ, അത് ശരിയാവുല്ല. ഞാൻ ഒറ്റക്കോ.

SAHEER
എടാ അത്യാവശ്യം ആടാ. ഒരു birthday കേക്കിന്റെ ഓർഡർ ഉണ്ടായിരുന്നു. ഞാനത് മറന്നു. അതിൽ "happy birthday കണ്ണൻ" എന്ന് എഴുതാൻ ഉണ്ട്.

SUDHEESH
അതിനവടെ ചോട്ടു ഇല്ലേ.

SAHEER

ആ BEST. സുധീഷേ അവൻ ഈ പേര് എഴുതിയാ ഇന്നുതന്നെ ഞാനെന്റെ ബേക്കറി പൂട്ടണ്ടി വരും. നീ ടെൻഷൻ ആവാതെ. നീ അവിടെ ഇരുന്നു സംസാരിച്ച് തുടങ്ങുംപോഴേക്കും ഞാനെത്തും. അധികം ദൂരമൊന്നുമില്ലല്ലോ. ഈ ജൻഷനിൽ അല്ലേ.

SUDHEESH

(വിഷമത്തോടെ)

ആ എന്തെങ്കിലും ചെയ്.

വണ്ടി ഒരു ഇടവഴിയുടെ മുന്നിൽ എത്തി നിർത്തുന്നു. സുധീഷ് ഇറങ്ങുന്നു.

SAHEER

ദാ .. ഈ വഴി അങ്ങ് നേരെ നടന്നാൽ ലാസ്റ്റ് കാണുന്ന ഒരു ഓടിട്ട വീടാ. നീയവിട കേറി ഒരു ചായ കുടിക്കുംബെഴേക്കും ഞാനെത്തും. അപ്പൊ ശെരി..

SUDHEESH

കൊറേ നടക്കണോ !

സഹീർ വണ്ടി തിരിക്കുന്നു.

SAHEER

ഇല്ലടാ.. കൊറച്ച്. ഒരഞ്ചു മിനിറ്റ് നടന്നാമതി.

SUDHEESH

ആ ശെരി. വേഗം വന്നേക്കണേടാ..

SAHEER

ആടാ ഇപ്പ വരാ..

(എന്നു പറഞ്ഞു വണ്ടി മുന്നോട്ട് എടുത്തിട്ട്, ഒന്ന് നിർത്തി സുധീഷിനെ തിരിഞ്ഞു നോക്കിയിട്ട്)

സുദീഷേ.. നീ നിന്റെ സൌന്ദര്യ സങ്കല്പം ഒക്കെ ഒന്നു മാറ്റി വച്ചിട്ട് തൊറന്ന മനസ്സോടെ ഓലെ ഒന്നു നോക്ക്. എന്നിട്ടു ഉമ്മക്ക് തീരുമാനിക്കാ. അപ്പൊ ഓക്കെ.. ഞാനിപ്പ തന്ന വരാ..

സഹീർ വണ്ടി ഓടിച്ചു മുന്നോട്ട് നീങ്ങുന്നു.

ദൂരെയുള്ള ഒരു ഇടിമുഴക്കം..

- cut to -